സമാധാന ശൃംഖലയുടെ പാലങ്ങളായി സ്ത്രീകൾ

ആരാധനക്കുള്ള ആഹ്വാനം

ലീഡർ: കരുതലും ആരാധനയും ഉള്ള ഒരു സമൂഹത്തിലേക്ക് ദൈവം നമ്മെ കൂട്ടി വരുത്തിയിരിക്കുന്നു.

ജനങ്ങൾ: നമുക്ക് ദൈവത്തെ സ്തുതിസ്തോത്രങ്ങളോടെയും സ്നേഹവും നന്ദിയും നിറഞ്ഞ ഹൃദയങ്ങളോടെയും ആരാധിക്കാം.

ലീഡർ: എല്ലാ ദൈവമക്കളും തങ്ങളുടെ രാജാവായ ദൈവത്തിൽ സന്തോഷിക്കട്ടെ.

ജനങ്ങൾ: ഞങ്ങളുടെ ദൈവത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. ദൈവത്തിന്റെ വിശുദ്ധനാമത്തിന് ഞങ്ങൾ മഹത്വം നൽകുന്നു.

ലീഡർ: ഭൂമിയുടെ എല്ലാ അറ്റങ്ങളും കർത്താവിങ്കലേക്കു മടങ്ങി വരുന്നു.

ജനങ്ങൾ: ഭൂമിയിലെ സകല കുടുംബങ്ങളും യഹോവയുടെ സന്നിധിയിൽ ആരാധിക്കും. ആധിപത്യം യഹോവക്കുള്ളതാണ്, അവൻ ജാതികളെ ഭരിക്കുകയും നമുക്കെല്ലാവർക്കും വേണ്ടതെല്ലാം ദാനമായി നൽകുകയും ചെയ്യുന്നു.

ലീഡർ: നമ്മുടെ ക്രിസ്തീയ പാരമ്പര്യത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യാം.

ജനങ്ങൾ: ജീവനും ശ്വാസവും നൽകുന്ന ദൈവത്തെ സ്തുതിക്കുവാൻ ഞങ്ങൾ അവിടുത്തെ സന്നിധിയിൽ അടുത്തു വരുന്നു.

സ്തുതിയും ആരാധനയും

ലീഡർ: അനശ്വരനായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, അങ്ങയുടെ സൃഷ്ടിയെ, ആണിനേയും പെണ്ണിനേയും, അങ്ങ് ഒരുപോലെ കാണുന്നുവല്ലോ. അങ്ങ് മാതൃക കാണിച്ചതു പോലെ, സ്ത്രീകളെയും പുരുഷന്മാരെയും പഠിപ്പിക്കുന്നതിലും, സ്ത്രീകളിലും പുരുഷന്മാരിലും രോഗശാന്തിയും അദ്ഭുതങ്ങളും ചെയ്യുന്നതിലും, പരസ്പരം ഉള്ള വ്യത്യാസങ്ങൾ മാനിക്കുവാനും, പരസ്പരം ശ്രദ്ധിക്കുവാനും എല്ലാം അവിടുന്ന് ഞങ്ങളെ പഠിപ്പിച്ചുവല്ലോ. ഈ ലോകത്തെ ഭയം കൂടാതെ ജീവിക്കാൻ പറ്റിയ ഒരു സ്ഥലമാക്കി മാറ്റുവാനായി, അങ്ങയുടെ സൃഷ്ടിയെ അങ്ങ് സ്നേഹിച്ച്, അവിടുത്തെ വഴികളിൽ നടക്കുന്ന അങ്ങയുടെ മക്കളെ അങ്ങ് ഇപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

ജനങ്ങൾ: അമർത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ലീഡർ: സൃഷ്ടിതാവായ ദൈവമേ, അവിടുത്തെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും, യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് വിളിക്കുകയും, പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കുകയും ചെയ്ത ഈ അനുഗ്രഹീത സ്ത്രീകളുടെ സമൂഹത്തിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങ് ഞങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുകയും, ഞങ്ങളുടെ കൃപാവരങ്ങളെ സ്ഥിരീകരിക്കുകയും, ശുശ്രൂഷയിലും പ്രവൃത്തിയിലും ഏർപ്പെടാൻ ഞങ്ങളെ വിളിക്കുകയും ചെയ്യുന്നുവല്ലോ. ഞങ്ങളുടെ ആത്മീയ പോഷണത്തിനായും, നിലനില്പിനായും ഞങ്ങൾ നിങ്കലേക്കു എപ്പോഴും നോക്കുന്നു.

ജനങ്ങൾ: സ്രഷ്ടാവായ ദൈവമേ, ഞങ്ങൾ അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തുന്നു.

ലീഡർ: സർവ്വശക്തനായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. സേവനത്തിനും നേതൃത്വത്തിനും വേണ്ടി ഞങ്ങളെ സജ്ജമാക്കുന്ന ആത്മാവിന്റെ അത്ഭുതകരമായ വരങ്ങൾക്കായും, ജീവിതത്തെ പ്രശോഭിപ്പിക്കുന്ന സമാധാനം, അനുകമ്പ, സ്ഥിരോത്സാഹം, ഐക്യം, സ്നേഹം എന്നീ ദൈവീക ദാനങ്ങളാൽ ഞങ്ങളെ നിറക്കുവാനായും ഞങ്ങൾ അപേക്ഷിക്കുന്നു.

ജനങ്ങൾ: സർവ്വശക്തനായ ദൈവമേ, അങ്ങയുടെ നാമത്തെ ഞങ്ങൾ സ്തുതിക്കുന്നു.

ലീഡർ: പ്രപഞ്ചത്തിന്റെ അദൃശ്യനായ ദൈവമേ, എല്ലാവരും ഐക്യത്തോടെ വസിക്കണമെന്ന അങ്ങയുടെ ശുപകൽപ്പനക്കായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ജീവന്റെ ദാതാവേ, അങ്ങ് ഞങ്ങൾക്ക് നൽകിയ ജീവിതം കൊണ്ട് നാം ജീവിക്കുന്ന ഈ വിശാലമായ ഗ്രഹത്തിൽ ഐക്യത്തിനായി പരിശ്രമിക്കുമ്പോൾ ഞങ്ങളുടെ പങ്കു നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കേണമേ.

ജനങ്ങൾ: അദൃശ്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

അനുതാപ പ്രാർത്ഥന (അനുതാപത്തിനായുള്ള ആഹ്വാനം). ഹ്രസ്വമായ നിശബ്ദതയ്ക്ക് ശേഷം, ഈ ഗാനം പ്രാർത്ഥനാപൂർവ്വം ആലപിക്കണം

സ്വീകരിക്കെൻ ജീവനെ
നിനക്കായെന്നേശുവേ,
ഓരോ ശ്വാസത്തോടും ഞാൻ
ചൊല്ലട്ടെ ഹല്ലേലൂയ.

സ്വീകരിക്കെൻ കൈകളെ
ചെയ്വാൻ സ്നേഹക്രിയയെ
കാലുകളും ഓടണം
നീ വിളിച്ചാൽ തൽക്ഷണം.

ലീഡർ: സർവശക്തനായ ദൈവമേ, ഞങ്ങൾ അങ്ങയുടേതാണെന്നു ഞങ്ങൾ പലപ്പോഴും മറന്നു പോകയും, ഞങ്ങളുടെ സ്വന്തം ഭാരങ്ങൾ ചുമന്ന് ഞങ്ങളുടെ സ്വന്ത ഇഷ്ടം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു പോയ കുറ്റങ്ങൾ ഞങ്ങൾ സമ്മതിക്കുന്നു. നിന്റെ മഹത്വത്തിന് സാക്ഷ്യം വഹിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു പോയി എന്ന് സമ്മതിക്കുകയും എല്ലാറ്റിനുമായി ഞങ്ങൾ ക്ഷമ ചോദിക്കുകയും ചെയ്യുന്നു.

ജനങ്ങൾ: ദൈവമേ, അങ്ങു ഞങ്ങൾ ഓരോരുത്തരോടും വ്യക്തിപരമായി ക്ഷമിക്കണമേ.

ലീഡർ: പരിശുദ്ധ ദൈവമേ, അങ്ങയിൽ നിന്ന് മറച്ചുവെക്കാൻ ഞങ്ങൾ ശ്രമിച്ച എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിക്കുന്നു. ഞങ്ങളുടെ പാപങ്ങളിൽ നിന്ന് ഞങ്ങളെ സൗഖ്യമാക്കേണമേ. നിന്റെ കോപത്തിൽ ഞങ്ങളെ ശാസിക്കരുതേ. ഞങ്ങൾ നിന്നിൽ നിന്നും അകന്നു പോയി എന്ന് സമ്മതിക്കുന്നു.

ജനങ്ങൾ: പരിശുദ്ധ ദൈവമേ, ഞങ്ങളോട് ക്ഷമിക്കണമേ.

ലീഡർ: കൃപയുടെയും അനുകമ്പയുടെയും ദൈവമേ, സഹജീവികളോടുള്ള ഞങ്ങളുടെ ഹൃദയ കാഠിന്യവും ക്ഷമിക്കാത്ത ആത്മാവും ഞങ്ങൾ ഏറ്റുപറയുന്നു.

ജനങ്ങൾ: ഞങ്ങളുടെ സ്നേഹമില്ലായ്മ, ദൈവമേ ഞങ്ങളോട് ക്ഷമിക്കണമേ.

ലീഡർ: കരുണയുള്ള ദൈവമേ, ലോകത്തിൽ അവിടുത്തെ അത്ഭുതത്തെ ദർശിക്കുന്നതിലും, അംഗീകരിക്കുന്നതിലും നിന്ന് ഞങ്ങളെ തടയുന്ന ആത്മീയ അന്ധത, നന്ദികേട് എന്നിവ ഞങ്ങളോട് ക്ഷമിക്കണമേ.

ജനങ്ങൾ: കരുണയുള്ള ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ.

ലീഡർ: വലിയവനായ ദൈവമേ, ആവശ്യക്കാർക്ക് അവരുടെ ആവശ്യമുള്ള സമയങ്ങളിൽ ശുശ്രൂഷ നൽകാൻ ഞങ്ങൾ പലപ്പോഴും മറന്നു പോയിട്ടുണ്ട്. ഞങ്ങൾ സ്വയം കേന്ദ്രീകരിക്കുകയും, ഞങ്ങളുടെ സ്വാർത്ഥതയിൽ ദരിദ്രരെക്കുറിച്ച് ആശങ്കപ്പെടുന്നതിൽ പരാജയപ്പെടുകയും ചെയ്തു പോയി.

ജനങ്ങൾ: അനുകമ്പയുള്ള ദൈവമേ, ഞങ്ങളോട് ക്ഷമിക്കണമേ.

പാപപരിഹാരം (പ്രെസ്ബിറ്റർ)

എല്ലാ രോഗശാന്തിയുടെയും പാപമോചനത്തിന്റെയും ദൈവം നമ്മെ തന്നിലേക്ക് അടുപ്പിക്കട്ടെ, അവന്റെ പുത്രന്റെ മഹത്വം നാം കാണേണ്ടതിന് നമ്മുടെ എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കട്ടെ, അതിനായി ജഡമായി തീർന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ, തന്റെ പുത്രനെ, അവൻ ലോകത്തിലേക്ക് അയച്ചു, അവിടുന്ന് പാപമോചനവും സമാധാനവും ഇന്നും എന്നേക്കും നമുക്ക് നൽകുമാറാകട്ടെ, ആമേൻ.

ഈ ദിവസത്തേക്കുള്ള അപേക്ഷ

സമാധാനത്തിന്റെ കർത്താവും, ഐക്യമത്യത്തിൽ ഇഷ്ടപ്പെടുന്നവനുമായ ദൈവമേ, അങ്ങയെ അറിയുന്നത് ഞങ്ങളുടെ നിത്യജീവനാണ്. അങ്ങയെ സേവിക്കുന്നത് പൂർണ സ്വാതന്ത്ര്യമാണ്. തകർന്നതും ഭിന്നിച്ചതുമായ ഞങ്ങളുടെ ലോകത്തോട് കരുണ കാണിക്കണമേ. എല്ലാ ഹൃദയങ്ങളിലും അവിടുത്തെ സമാധാനവും, എല്ലാ വംശങ്ങളും ജനങ്ങളും ശത്രുഭയം കൂടാതെ കഴിയേണ്ടതിനു ഭിന്നതയുടെയും കലഹത്തിന്റെയും ആത്മാവിനെ അവരിൽ നിന്ന് പുറത്താക്കേണമേ. അങ്ങനെ ഞങ്ങൾ, അവിടുത്തെ സംരക്ഷണത്തിൽ ഉറപ്പോടെ ആശ്രയിച്ചു, യാതൊരു പ്രതിയോഗികളുടെയും ശക്തിയെ ഭയപ്പെടാതിരിക്കുവാനായിട്ടു ഞങ്ങളുടെ ശത്രുക്കളുടെ ആക്രമണങ്ങളിലൊക്കെയും നിന്റെ താഴ്മയുള്ള ദാസരായ ഞങ്ങളെ ഞങ്ങളുടെ കർത്താവായാ യേശുക്രിസ്തുവിന്റെ ബലം മൂലം കാത്തുകൊള്ളേണമേ. ആമേൻ.

സ്തുതി ലിത്താനി

ലീഡർ: കർത്താവേ, പ്രപഞ്ചത്തിന്റെ സൃഷ്ടാവേ, ഓരോ ദിവസവും ഞങ്ങളുടെ പാത മുറിച്ചുകടക്കുന്ന എണ്ണമറ്റ അപകടങ്ങളിൽ നിന്ന് അവിടുന്ന് ഞങ്ങളുടെ ജീവിതത്തെ സംരക്ഷിക്കുന്നുവല്ലോ. കൃപയാൽ നൽകപ്പെടുന്ന ഈ ജീവിതത്തിനായി സ്തോത്രം.

ജനങ്ങൾ: ദാനമായി നൽകിയിരിക്കുന്ന ഈ ജീവിതത്തിനായി ഞങ്ങൾ നന്ദി പറയുന്നു.

ലീഡർ: സൈനികരെ അപേക്ഷിച്ച് കൂടുതൽ സ്ത്രീകളും കുട്ടികളും യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നുവെന്നു ഞങ്ങൾക്ക് ബോധ്യമുണ്ട്, എന്നിട്ടും സമാധാനം വളർത്തുന്നതിനുള്ള ഏറ്റവും നല്ല സഖ്യ കക്ഷിയാണ് സ്ത്രീകൾ എന്ന് യുഗങ്ങൾ തെളിയിച്ചിട്ടുണ്ടല്ലോ.

ജനങ്ങൾ: ദൈവമേ, ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു.

ലീഡർ: 1820 ൽ ജനിച്ച ഹാരിയറ്റ് ടബ്മാനെപ്പോലുള്ള സ്ത്രീകളെ ഞങ്ങൾ ഓർമിക്കുന്നു, നന്ദി പറയുന്നു. 1863 ലെ ആഭ്യന്തര യുദ്ധത്തിൽ, ഒരു അടിമയായി ഒളിച്ചോടിയ അവർ, മേരിലാൻഡിൽ ഒരു നഴ്സായി സേവനമനുഷ്ഠിച്ചു 300 പേരെ കൂടി സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും, അവളുടെ ഔഷധ മരുന്നുകൾ കൊണ്ട് മരിക്കുന്ന സൈനികരെ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സഹായിക്കുകയും ചെയ്തു.

ജനങ്ങൾ: കർത്താവേ, ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

ലീഡർ: പലസ്തീനികളും ജൂതന്മാരും തമ്മിലുള്ള സമാധാനത്തിനായി വിവിധ ലോക സമാധാന സമ്മേളനങ്ങളിൽ ധൈര്യപൂർവ്വം സംസാരിക്കുന്ന അഡാ അഹരോണി എന്ന ജൂത സ്ത്രീയുടെ ജീവിതത്തിനും പ്രവർത്തനത്തിനുമായി ഞങ്ങൾ നന്ദി കരേറ്റുന്നു. ഈ പോരാട്ടത്തിൽ അതിജീവിച്ച ഇരയായ അവൾ തന്നെ സമാധാനത്തിന്റെ പാലങ്ങൾ പണിയാൻ എല്ലാ ആളുകളെയും വിളിക്കുന്നു.

ജനങ്ങൾ: കർത്താവേ, നന്ദി, സഹായിക്കേണമേ.

ലീഡർ: നൈജീരിയയിൽ നിന്നുള്ള ഫാത്തിമയെ ഞങ്ങൾ അംഗീകരിക്കുന്നു, സമാധാനം ആരംഭിക്കുന്നത് നമ്മുടെ ഉള്ളിൽ നിന്നാണെന്ന് സ്ത്രീകളെ മനസ്സിലാക്കുന്നു, പ്രത്യേകിച്ചും പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ, മറ്റുള്ളവർക്ക് ഒരു മാതൃകയാകാനും വളർന്നുവരുന്ന എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നല്ല ഭാവി ഉണ്ടാകുവാനും പ്രയത്നിക്കുന്നവർക്കായി...

ജനങ്ങൾ: കർത്താവേ, നന്ദി, സഹായിക്കേണമേ.

ലീഡർ: ഖനന കമ്പനികളും പ്രാദേശിക കമ്മ്യൂണിറ്റികളും അധികാരികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ സഹായിക്കുന്ന പശ്ചിമാഫ്രിക്കയിലെ മാലിയിൽ നിന്നുള്ള മസാരൻ എന്ന സ്ത്രീയുടെ പ്രയത്നങ്ങൾക്കായി പ്രാർത്ഥിക്കാം. ബിസിനസ്സ്, മനുഷ്യാവകാശം എന്നിവയെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ മാർഗ്ഗനിർദ്ദേശ തത്വങ്ങളെക്കുറിച്ച് പരിശീലനം നൽകിക്കൊണ്ട് മാലിയിലെ സമാധാന നിർമാണ സംരംഭങ്ങളിൽ കൂടുതൽ സജീവമായി പങ്കെടുക്കാൻ സ്ത്രീകളെ സഹായിക്കാൻ അവൾ ചെയ്യുന്ന എല്ലാ പരിശ്രമങ്ങൾക്കായും...

ജനങ്ങൾ: കർത്താവേ, നന്ദി, സഹായിക്കേണമേ.

ലീഡർ: അവരുടെ വംശത്തിലോ മതത്തിലോ ദേശീയതയിലോ ഇല്ലാത്ത ആളുകൾക്കായി നിസ്വാർത്ഥമായി പ്രവർത്തിച്ച ഞങ്ങളുടെ സ്വന്തം മദർ തെരേസയെ ഞങ്ങൾ ഓർക്കുന്നു, നന്ദി പറയുന്നു. മദർ തെരേസ എല്ലാ പ്രതിബന്ധങ്ങളെയും മറികടന്നു. അവരുടെ സന്ദേശത്തിലൂടെ, എല്ലാ മനുഷ്യരീതിയിലും സ്വതസിദ്ധമായ ഒരു കാര്യത്തിലേക്ക് എത്തിച്ചേരാൻ അവർക്കു കഴിഞ്ഞു. മനുഷ്യന്റെ അന്തസ്സിനെ കാത്തു സംരക്ഷിച്ചു കൊണ്ടും, അതിന്റെ അലംഘനീയതെ സ്ഥിരീകരിച്ചു കൊണ്ടും അവർക്ക് ഏറ്റവും അടിസ്ഥാനപരമായ രീതിയിൽ സമാധാനത്തെ പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞുവല്ലോ.

ജനങ്ങൾ: ഞങ്ങൾക്ക് മുമ്പേ പോയി സംഘർഷങ്ങൾ പരിഹരിക്കാനും സമാധാനം കൈവരിക്കാനും ബുദ്ധിമുട്ടുള്ള പാതയിലൂടെ സഞ്ചരിച്ച എല്ലാവർക്കും വേണ്ടി ഞങ്ങൾ കർത്താവിനോട് നന്ദി പറയുന്നു. സമാധാനം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണങ്ങളായി ഞങ്ങളെ ഒരുക്കേണമേ, സമാധാനവും വികസനവും നിലനിർത്താൻ കൂടുതൽ വനിതാ നേതാക്കളെ നൽകേണമേ. സമാധാനത്തിന്റെ പാലങ്ങൾ പണിയുന്നതിനുള്ള ഉദാഹരണങ്ങളായി വേറിട്ടുനിൽക്കുന്ന ബൈബിളിലെ സ്ത്രീകൾക്കായി ഞങ്ങൾ നന്ദി പറയുന്നു.

വേദഭാഗങ്ങൾ

ഒന്നാം പാഠം: 2 ശമുവേൽ 14:1-10
Skit/പ്രത്യേക ഗാനം – സ്ത്രീജനസഖ്യം
രണ്ടാം പാഠം: എഫേസ്യർ 4:1-3
കീർത്തനം/ഗീതം
സുവിശേഷ പാഠം: യോഹന്നാൻ 4:27-30, 39-42

പ്രസംഗം

വിശ്വാസത്തിന്റെ സ്ഥിരീകരണം

നിശ്ശബ്ദതയുടെ സംസ്കാരം തകർക്കുകയും സമൂഹ ത്തിൽ സ്ത്രീകൾക്ക് അർഹമായ പദവി നൽകുവാൻ ശ്രദ്ധിക്കുകയും ചെയ്ത ഈ ലോകത്തിന്റെ വിമോചകനായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഒരു മനുഷ്യസമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ചൂഷണപരവും അടിച്ചമർത്തുന്നതുമായ എല്ലാ സംവിധാനങ്ങളെയും ചെറുക്കാൻ അവന്റെ പാതയെ പിന്തുടരാൻ അവിടുന്ന് ഞങ്ങളെ വിളിച്ചു. ഉറച്ചുനിൽക്കാൻ നമ്മെ പ്രാപ്തരാക്കുന്ന പരിശുദ്ധാത്മാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. സൃഷ്ടിയുടെ സമഗ്രത പുതുക്കുകയും പുനസ്ഥാപിക്കുകയും ചെയ്യുന്ന എല്ലാവരേയും ജീവിതത്തിന്റെ പൂർണതയിലേക്ക് ഒരുമിച്ച് വളരാൻ സഹായിക്കേണമേ. ആമേൻ.

മദ്ധ്യസ്ഥ പ്രാർത്ഥന

ലീഡർ: പ്രപഞ്ചത്തിന്റെ ദൈവമേ, മനുഷ്യരാശിയുടെ സൃഷ്ടാവേ, സുന്ദരമായ അവിടുത്തെ സൃഷ്ടിയെ സംരക്ഷിക്കുന്നതിനും നമുക്ക് ചുറ്റുമുള്ള പരിസ്ഥിതിയെ ബഹുമാനിക്കുന്നതിനും അയൽക്കാരനോട് സ്നേഹം കാണിക്കുന്നതിനുമുള്ള അങ്ങയുടെ മനസ്സ് തുടരാൻ ഞങ്ങളെ സഹായിക്കേണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: എല്ലാ ജനങ്ങളും സമാധാനപരമായ വാസസ്ഥലങ്ങളിൽ വസിക്കാനും തങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം നിറവേറ്റാനും ഞങ്ങൾ എല്ലാ ജനതകളുടെയും സമാധാനത്തിനായി പ്രാർത്ഥിക്കുന്നു.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: ഈസ്റ്റർ ശ്രുശ്രൂഷയുടെ ശ്രീലങ്കയിൽ അടുത്തിടെ നടന്ന ഭീകരപ്രവർത്തനത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു, ദുഖിതരെ ആശ്വസിപ്പിക്കുകയും ഇരുൾ നിറഞ്ഞ മനസ്സുകളെ പ്രകാശിപ്പിക്കുകയും ചെയ്യേണമേ.

ജനങ്ങൾ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: വേദന അനുഭവിക്കുന്നവർക്കും, രോഗികൾക്കും, കഷ്ടപ്പെടുന്നവർക്കും, വിഷാദത്തിലും ഏകാന്തതയിലും വസിക്കുന്നവർക്കും, സ്നേഹിക്കപെടാത്തവർക്കും പീഡിപ്പിക്കപ്പെടുന്നവർക്കും, തൊഴിലില്ലാത്തവർക്കും വിഷാദമുള്ളവരുമായ എല്ലാവരുടെ മേലും ക്രിസ്തുവിന്റെ അനുകമ്പയും, സ്നേഹവും, വ്യാപരിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജനങ്ങൾ: കർത്താവേ, നിന്റെ കാരുണ്യത്താൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കർത്താവിന്റെ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരണമെ;ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ, ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നും ഞങ്ങളെ വിടുവിക്കണമെ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമെൻ.

അറിയിപ്പുകൾ

സ്ത്രീജനസഖ്യ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

വഴിപാട് സമർപ്പണം

സമാപന കീർത്തനം

സമാപന പ്രാർത്ഥന

ആശീർവാദം

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവന്റെ മഹത്വത്തിനായി, ക്രിസ്തുയേശുവിനോടു ചേർന്ന്, പരസ്പരം കൂട്ടായ്മയിൽ ജീവിക്കാൻ സഹിഷ്ണുതയുടെയും, പ്രോത്സാഹനത്തിന്റെയും ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

ആമേൻ.